DITTO WS

Reg. No. : ....................................

Name : ..........................................

**FY-17**

**FIRST YEAR HIGHER SECONDARY EXAMINATION, MARCH 2020**

Part – III

Time : 2 $\frac{1}{2}$ Hours

Cool-off time : 15 Minutes

**മലയാളം**

**(ഐച്ഛികം)**

**MALAYALAM**

**(Optional)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. സ്കോർ 2 വീതം.** **(4 × 2 = 8)**

1. സച്ചിദാനന്ദന്റെ കോഴിപ്പങ്ക് എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്ന ദൃശ്യബിംബങ്ങൾ കണ്ടെത്തുക.

   - എള്ളിൻ പൂവിരൽ
   - തുടിയുടൽ
   - കുന്നിക്കുരുക്കണ്ണ്
   - തംബുരുക്കുടൽ

DITTO WS

2. താഴെകൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ചവിട്ടുകളിപ്പാട്ടിന് യോജിക്കുന്നവ കണ്ടെത്തി എഴുതുക.

- സ്ത്രീകളുടെ മാത്രം കലാരൂപമാണ്
- കൃഷിക്കും കലകൾക്കും പ്രാധാന്യം നൽകിയിരിക്കുന്നു.
- ആത്മീയതയ്ക്ക് പ്രാധാന്യം നൽകിയിരിക്കുന്നു.
- സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു.

3. മാനവഹൃദയത്തെ 'പാവം' എന്ന പദംകൊണ്ട് സുഗതകുമാരി വിശേഷിപ്പിച്ചിരിക്കുന്നതിന്റെ കാരണം ?

- പാതാളത്തിലേക്ക് മഹാബലിയെ ചവിട്ടിത്താഴ്ത്തിയതിനാൽ.
- വിഷാദവും ഹർഷവും തെളിഞ്ഞും മറഞ്ഞുമിരിക്കുന്നതിനാൽ.
- ദുഃഖത്തിലൊളിച്ച ഹൃദയം ഓർമ്മയിലൂടെ ആഹ്ളാദം കണ്ടെത്തുന്നതിനാൽ.
- ഇരുളിന്റെ കാരാഗാരത്തിൽ മുങ്ങിത്താഴുന്നതിനാൽ.

4. 'ഇരട്ടമൊഴിത്തം' എന്ന പ്രയോഗവുമായി ചേരാതെ നില്ക്കുന്ന പ്രസ്താവനകൾ കണ്ടെത്തുക.

- സംസാരഭാഷയിൽ നിന്നും വാക്കുകൾ എഴുത്തുഭാഷയിലേക്ക് കടന്നുവരുന്നത്.
- എഴുത്തുഭാഷയേയും സംസാരഭാഷയേയും രണ്ടായി പരിഗണിക്കുന്നത്.
- ലിഖിത ഭാഷയിലെ പദങ്ങൾ സംഭാഷണഭാഷയിലേക്ക് കടന്നുവരുന്നത്.
- വാമൊഴി, വരമൊഴി ഭാഷകളെ കൂടിച്ചേരാനനുവദിക്കാതെ വേർതിരിക്കുന്നത്.

5. ‘മേസ്തിരി ഈയിടെ മരിച്ചു

വാഴപ്പഴം തിന്നുന്ന കിളിയും

കപ്പളത്തിന്റെ കൈയ്യും

ഓർമ്മയിലുണ്ട്’

– ഇവിടെ മേസ്തിരിയുടെ സഹായിയിൽ ഇങ്ങനെയൊരു ഓർമ്മമാത്രം തങ്ങിനിൽക്കുന്നത് എന്തുകൊണ്ട് ?

- സഹായിയിൽ ഭാവനയുടെ ആന്തരികലോകം ഉള്ളതുകൊണ്ട്.
- മേസ്തിരിപ്പണിയിൽ നിന്ന് തുച്ഛമായ വരുമാനം ലഭിക്കുന്നതുകൊണ്ട്.
- ഭാവനയും പ്രായോഗികതയും തമ്മിൽ പൊരുത്തപ്പെടാനാകാത്തതുകൊണ്ട്.
- മേസ്തിരിയും സഹായിയും തമ്മിൽ സ്വരചേർച്ചയില്ലാത്തതുകൊണ്ട്.

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ, രണ്ടോ വാക്യങ്ങളിൽ ഉത്തരം എഴുതുക. സ്കോർ 2 വീതം.** **(3 × 2 = 6)**

6. ഓർമ്മയുടെ രണ്ടു പ്രത്യേകതകൾ ‘സ്മൃതിപഥം’ എന്നപാഠത്തെ ആസ്പദമാക്കി എഴുതുക.

7. യുറോപ്യൻ ഭാഷകൾ അഭ്യസിക്കുമ്പോൾ ഇന്ത്യാക്കാർക്ക് ചില അസൗകര്യങ്ങൾ നേരിടുന്നു എന്ന് ഏ. ആർ. രാജരാജവർമ്മ പറയാനുള്ള കാരണം എന്താകാം.

8. ‘പക്ഷിയുടെ മണം’ എന്ന ചെറുകഥയിൽ ‘Dying’ എന്നതിന്റെ വ്യത്യസ്താർത്ഥങ്ങൾ വ്യക്തമാക്കുക.

9. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ‘മുഖമെവിടെ’ എന്ന കവിതയുടെ രണ്ടു പ്രത്യേകതകൾ എഴുതുക.

DITTO WS

**10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 4 വീതം.** **(5 × 4 = 20)**

10. വേഷവിധാനത്തിലുണ്ടായ മാറ്റത്തിന്റെ പ്രതിഫലനം സാമൂഹ്യ ജീവിതത്തിൽ സ്വാധീനം ചെലുത്തി എന്ന് തകഴിക്ക് തോന്നാനിടയായ സാഹചര്യം വ്യക്തമാക്കുക.

11. വാക്കുകൾ നേരിട്ട് അന്യഭാഷകളിൽ നിന്നെടുക്കാതെ പുതുവാക്കുകൾ സൃഷ്ടിക്കുമ്പോൾ അവയ്ക്ക് സംഭാഷണഭാഷയിൽ വേണ്ടത്ര പ്രചാരം ലഭിക്കാറുണ്ടോ. 'മാറുന്ന മലയാള സംസാരഭാഷ' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

12. അക്ഷരങ്ങളെ സ്വരം എന്നും വ്യഞ്ജനം എന്നും രണ്ടായിതിരിച്ചിരിക്കുന്നത് അവയുടെ എന്തെല്ലാം പ്രത്യേകതകളെ അടിസ്ഥാനമാക്കിയാണ്?

13. സുഭാഷ് ചന്ദ്രന്റെ 'അമേരിക്ക' എന്ന കഥയിൽ പുതിയകാലമാധ്യമ സംസ്കാരത്തെക്കൂടി വിമർശന വിധേയമാക്കുന്നുണ്ടോ ? വിലയിരുത്തൽക്കുറിപ്പ് തയ്യാറാക്കുക.

14. ഒരു ആഭരണം എന്ന നിലയിൽനിന്ന് മോതിരത്തിന് കഥയിൽ മറ്റെന്തെങ്കിലും അർത്ഥതലങ്ങൾ കാണാൻ സാധിക്കുമോ. നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

15. പലതരം നിറങ്ങളുടെ കൂടിച്ചേരലായ കഥകളിയിലെ ഏറ്റവും പ്രധാനനിറം കറുപ്പാണന്ന കെ.സി.നാരായണന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ വ്യക്തമാക്കുക.

DITTO
WS

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം.** **(4 × 6 = 24)**

16. നാട്ടറിവ് സംരക്ഷണത്തേയും പഠനത്തേയും ആഗോളവൽക്കരണത്തിൽ നിന്നുള്ള വിമോചനത്തിനായുള്ള ബദൽ സാംസ്കാരിക പ്രവർത്തനമായി മാറ്റാൻ എന്തെല്ലാം ചെയ്യാം ? നാട്ടറിവും വിമോചനവും എന്ന പാഠത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.

17. "നേടിയതെന്തപവർഗ്ഗമിതേവരെ

നെടുതാം വീർപ്പുകളല്ലാതെ ?"

"ഒരട്ടിമണ്ണുപുതച്ചുകിടപ്പൂ ;

വീടാകടമേ മമജന്മം,"

*(ഇടശ്ശേരി – ബിംബിസാരന്റെ ഇടയൻ)*

– ഈ വരികളിൽ അവതരിപ്പിച്ചിട്ടുള്ള മാതൃത്വ ദുഃഖങ്ങൾക്കുള്ള പരിഹാരമായി സാവിത്രീരാജീവന്റെ 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിലെ ആശയങ്ങൾ മാറുന്നുണ്ടോ. വിലയിരുത്തുക.

18. വാർത്ത കലയാകുന്ന കാലമാണിത് എന്ന കെ.പി. അപ്പന്റെ പ്രസ്താവന എം. മുകുന്ദന്റെ ഫോട്ടോ എന്ന ചെറുകഥയ്ക്ക് എത്രത്തോളം യോജിക്കുന്നുണ്ട് ? വ്യക്തമാക്കുക.

19. ഉപന്യാസത്തിൽ ഉദ്ധരണികൾ ചേർക്കേണ്ടിവരുന്ന സാഹചര്യങ്ങളെക്കുറിച്ച് 'ഉപന്യാസം' എന്ന ലേഖനത്തെ ആസ്പദമാക്കി വിശദമാക്കുക.

20. “നദി അതിന്റെ സ്രഷ്ടാവിന്റെസമക്ഷത്തിങ്കലെത്തിയപ്പോൾ സ്തബ്ധയായി, ഒഴുക്കുനിലച്ചവളായി, എന്തിനിവേണ്ടൂ എന്നറിയാത്തവളെപ്പോലെ നിശ്ചലം നിന്നുപോയി.”

– ഇവിടെ യു.എ. ഖാദർ ഇത്തരം ഒരവസ്ഥയിലേക്ക് എത്തിച്ചേരാനിടയായ സാഹചര്യങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക.

**ഖണ്ഡിക വായിച്ച് ചുവടെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

മലയാള നോവൽ കാൽപനികതയോട് ഏറെ അടുക്കുന്നതാണ് ഉറൂബിന്റെ നോവലുകളിൽ കാണുക. വിശദമായ സാമൂഹിക പശ്ചാത്തലത്തിൽ അപൂർവ്വമായ വ്യക്തിത്വങ്ങളെയും വ്യക്തിബന്ധങ്ങളെയും ചിത്രീകരിക്കുന്നതിലാണ് ഉറൂബിന് താൽപര്യം. സാമൂഹികമായ അംശങ്ങളെ നോവലിന്റെ ഏറ്റവും സജീവമായ ഘടകങ്ങളായി നിലനിർത്തികൊണ്ട്തന്നെ, വ്യക്തിയിലേക്ക് ഫോക്കസ് ചെയ്യുകയാണ് ഉറൂബ്. മായന്റെ അശാന്തമായ മനസ്സും ഉമ്മാച്ചു അനുഭവിക്കുന്ന അടക്കിപ്പിടിച്ച അന്തസ്സംഘർഷവുമാണ് ‘ഉമ്മാച്ചു’ എന്ന നോവലിന് മഹത്ത്വത്തിന്റെ മാനങ്ങൾ നൽകുന്നത്. അതേസമയം അതിൽ പരാമർശിക്കപ്പെടുന്ന, രാഷ്ട്രീയവും സാമൂഹികവുമായ ഘടകങ്ങൾ, നിർജ്ജീവമായ ഒരു പശ്ചാത്തലം സൃഷ്ടിക്കുകയല്ല, നോവലിനെ ചൈതന്യവത്താക്കുന്ന ജൈവാംശമായി വർത്തിക്കുകയാണ് ചെയ്യുന്നത്.

ചോദ്യങ്ങൾ

21. ഉമ്മാച്ചു എന്ന നോവലിന്റെ മഹത്ത്വത്തിന് കാരണമായ ഘടകങ്ങൾ ഏവ ?

22. വ്യക്തികളേയും വ്യക്തിബന്ധങ്ങളേയും ഉറൂബ് ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ?

23. നോവലിലെ രാഷ്ട്രീയവും സാമൂഹികവുമായ ഘടകങ്ങളുടെ പ്രത്യേകത എന്ത്?

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 8 വീതം)** **(2 × 8 = 16)**

24. കവിതയിലെ നാടകീയതയെക്കുറിച്ചുള്ള കെ.പി. ശങ്കരന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഇടശ്ശേരിയുടെ 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയെ വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

25. പക്ഷിയുടെ മണം, അമേരിക്ക എന്നീ ചെറുകഥകൾ വർത്തമാനകാല ജീവിതാവസ്ഥകളുടെ പ്രതിഫലനമാണോ ? കഥകൾ അപഗ്രഥിച്ചു വിശദമാക്കുക.

26. ആത്മകഥകളിലും യാത്രാവിവരണങ്ങളിലും എഴുത്തുകാരന്റെ വ്യക്തിയനുഭവങ്ങൾക്കപ്പുറം അതതുകാലത്തെ സാമൂഹികാവസ്ഥകൾകൂടി കടന്നു വരാറുണ്ടോ. തകഴിയുടെ 'പറിച്ചുനടീൽ, യു.എ. ഖാദറിന്റെ' 'മാതൃസന്നിധാനത്തിൽ' എന്നിവയെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

---